2026
July
03
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഇന്ത്യയിൽ കുതിക്കാനൊരുങ്ങി ഇനി സ്വകാര്യ റോക്കറ്റ് വിക്രം1

## വിപ്ലവകരമായ മാറ്റങ്ങളുമായി മിഷൻ ആഗമൻ

**ന്യൂഡൽഹി :** ഇന്ത്യൻ ബഹിരാകാശ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതുറന്നുകൊണ്ട് രാജ്യത്തെ പ്രമുഖ ബഹിരാകാശ സ്റ്റാർട്ടപ്പായ സ്കൈറൂട്ട് എയറോസ്പേസ് ആദ്യത്തെ ഓർബിറ്റൽ റോക്കറ്റായ വിക്രം 1 വിക്ഷേപിക്കാൻ ഒരുങ്ങുന്നു. മിഷൻ ആഗമൻ എന്ന് പേരിട്ടിരിക്കുന്ന ഈ നിർണായക ദൗത്യം അടുത്ത മാസം ജൂലൈ 12 നും ഓഗസ്റ്റ് 4 നും ഇടയിലുള്ള വിക്ഷേപണ വിൻഡോയിൽ നടക്കുമെന്നാണ് കമ്പനി ഔദ്യോഗികമായി അറിയിച്ചിരിക്കുന്നത്.

പൂർണമായും കാർബൺ കംപോസിറ്റ് മെറ്റീരിയൽ ഉപയോഗിച്ച് നിർമ്മിച്ച, ഏഴ് നിലകളുടെ ഉയരമുള്ള ഈ മൾട്ടിസ്റ്റേജ് റോക്കറ്റ് നിലവിൽ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലെ വിക്ഷേപണ തറയിൽ സജ്ജമാക്കിക്കഴിഞ്ഞു. അന്തിമ അസംബ്ലിങ്, പരിശോധനകൾ, കാലാവസ്ഥാസുരക്ഷാ അനുമതികൾ എന്നിവയ്ക്ക് വിധേയമായിട്ടായിരിക്കും കൃത്യമായ വിക്ഷേപണ തീയതി നിശ്ചയിക്കുക.

ഇന്ത്യൻ മണ്ണിൽ നിന്നുള്ള ആദ്യത്തെ സ്വകാര്യ റോക്കറ്റായ 'വിക്രം എസ്' 2022 നവംബർ 18ന് വിജയകരമായി സബ്ഓർബിറ്റൽ പരീക്ഷണം നടത്തി സ്കൈറൂട്ട് ചരിത്രം കുറിച്ചിരുന്നു. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി, ഉപഗ്രഹങ്ങളെ ഭൂമിയുടെ ഭ്രമണപഥത്തിൽ എത്തിക്കാൻ ശേഷിയുള്ള ഇന്ത്യയിലെ ഒരു സ്വകാര്യ കമ്പനിയുടെ ആദ്യത്തെ യഥാർത്ഥ ഓർബിറ്റൽ ദൗത്യമാണ് വിക്രം1. ത്രീഡി പ്രിന്റഡ് എൻജിനുകളും ഉയർന്ന ശേഷിയുള്ള സോളിഡ് ഫ്യുവൽ ബൂസ്റ്ററുകളും ഉൾപ്പെടെ പൂർണ്ണമായും തദ്ദേശീയമായി വികസിപ്പിച്ചെടുത്ത പ്രൊപ്പൽഷൻ സിസ്റ്റമാണ് ഇതിൽ ഉപയോഗിക്കുന്നത്. ഭൂമിയിൽ നിന്നും 450 കിലോമീറ്റർ ഉയരത്തിലുള്ള താഴ്ന്ന ഭ്രമണപഥത്തിലേക്ക് 350 കിലോഗ്രാം വരെയുള്ള ചെറിയ ഉപഗ്രഹങ്ങളെ എത്തിക്കാൻ ഈ റോക്കറ്റിന് സാധിക്കും. റോക്കറ്റ് കുതിച്ചുയരുന്ന നിമിഷം മുതൽ വിവിധ ഘട്ടങ്ങളായുള്ള വേർപെടൽ, നിയന്ത്രണ സംവിധാനങ്ങൾ എന്നിവയുടെ തത്സമയ പ്രവർത്തന വിവരങ്ങൾ ശേഖരിക്കുക എന്നതാണ് മിഷൻ ആഗമന്റെ പ്രധാന ലക്ഷ്യം. ഈ ആദ്യ വിക്ഷേപണം പ്രധാനമായും സാങ്കേതികവിദ്യയുടെ പ്രകടന പരിശോധനയാണെങ്കിലും, വിദേശസ്വദേശി ഉപഭോക്താക്കളുടെ ഉപഗ്രഹങ്ങളും വഹിച്ച് ഭാഗികമായി ഒരു വാണിജ്യ ദൗത്യമായിട്ടാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നോ രണ്ടോ വിജയകരമായ പരീക്ഷണങ്ങൾക്ക് ശേഷം പൂർണ്ണതോതിലുള്ള വാണിജ്യ സർവീസുകൾ ആരംഭിക്കാനാണ് സ്കൈറൂട്ട് ലക്ഷ്യമിടുന്നത്. ആഗോളതലത്തിൽ വൻതോതിൽ വളരുന്ന ചെറുകിട ഉപഗ്രഹ വിപണിയെ ലക്ഷ്യമിട്ട്, കുറഞ്ഞ ചിലവിൽ ആവശ്യാനുസരണം വിക്ഷേപണ സൗകര്യം ഒരുക്കാൻ വിക്രം1 സഹായിക്കും. നിലവിൽ 1.1 ബില്യൺ ഡോളറിലധികം മൂല്യമുള്ള സ്കൈറൂട്ടിന് ജിഐസി, ടെമാസെക്, ബ്ലാക്ക് റോക്ക് തുടങ്ങിയ ആഗോള നിക്ഷേപകരുടെ വലിയ പിന്തുണയുണ്ട്. വിക്രം1 വിക്ഷേപണം വിജയകരമാകുന്നതോടെ ആഗോള ബഹിരാകാശ വിപണിയിൽ മുൻനിര പങ്ക് വഹിക്കാനുള്ള ഇന്ത്യയുടെ സ്വകാര്യ പങ്കാളിത്തത്തിന് പുതിയൊരു കുതിപ്പേകുമെന്നാണ് വിലയിരുത്തൽ





# 2,811 കോടി രൂപയുടെ ലാഭവിഹിതം കൈമാറി ബാങ്ക് ഓഫ് ബറോഡ

**കൊച്ചി:** ബാങ്ക് ഓഫ് ബറോഡയുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭവിഹിതമായ 2,811 കോടി രൂപയുടെ ചെക്ക് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനു ബാങ്ക് ഓഫ് ബറോഡയുടെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ഡോ. ദേബദത്ത ചന്ദ് കൈമാറി.

Bank of Baroda

ധനകാര്യ സേവന വകുപ്പ് (ഡിഎഫ്എസ്) സെക്രട്ടറി സഞ്ജയ് ലോഹിയ, ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ലളിത് ത്യാഗി, സഞ്ജയ് മുദലിയാർ, ലാൽ സിംഗ്, ബീന വഹീദ് എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ലാഭവിഹിതം കൈമാറിയത്.

ഡിവിഡൻറ് പേഔട്ട് ബാങ്ക് ഓഫ് ബറോഡയുടെ ശക്തമായ സാമ്പത്തിക പ്രകടനത്തെയും എല്ലാ പങ്കാളികൾക്കും ദീർഘകാല മൂല്യം നൽകുന്നതിനുള്ള പ്രതിബദ്ധതയേയും സൂചിപ്പിക്കുന്നതാണെന്ന് എംഡിയും സിഇഒയും ആയ ഡോ. ദേബദത്ത ചന്ദ് പറഞ്ഞു.

2025-26 സാമ്പത്തിക വർഷത്തിൽ ബാങ്ക് ഒരു ഇക്വിറ്റി ഷെയറിന് 8.50 ലാഭവിഹിതം പ്രഖ്യാപിച്ചിരുന്നു. 2026 മാർച്ച് 31ന് ബാങ്കിന്റെ ഗ്ലോബൽ ബിസിനസ് 30 ലക്ഷം കോടിയും വാർഷിക ലാഭം 20,000 കോടിയുമായിരുന്നു. കൂടാതെ 20,021 കോടി രൂപയുടെ സ്റ്റാൻഡ്എലോൺ അറ്റാദായം നേടുകയും ചെയ്തു.

# ജിഎസ്ടി അപ്പലേറ്റ് ട്രിബ്യൂണലിന് മുൻപാകെ അപ്പീൽ നൽകാനുള്ള അവസാന തീയതി 2026 ജൂലൈ 31 വരെ നീട്ടി

**ന്യൂഡൽഹി :** ജിഎസ്ടി അപ്പലേറ്റ് ട്രിബ്യൂണലിന് മുൻപാകെ സെക്ഷൻ 112(1), സെക്ഷൻ 112(3) എന്നിവ പ്രകാരം അപ്പീലുകൾ ഫയൽ ചെയ്യാനുള്ള അവസാന തീയതി 2026 ജൂലൈ 31 വരെ ഗവൺമെന്റ് നീട്ടി. മുൻപ് 2025 സെപ്തംബർ 17ന് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ട്രിബ്യൂണലിന് മുൻപാകെ അപ്പീൽ നൽകേണ്ട അവസാന തീയതി നിശ്ചയിച്ചിരുന്നത് 2026 ജൂൺ 30 ആയിരുന്നു.




GSTAT പോർട്ടലിൽ അപ്പീലുകൾ ഫയൽ ചെയ്യാനുള്ള തിരക്ക് കാരണം സാങ്കേതിക തടസ്സങ്ങൾ നേരിടുന്നതായി ചൂണ്ടിക്കാട്ടി വിവിധ ഗുണഭോക്താക്കളിൽ നിന്നും സംഘടനകളിൽ നിന്നും ഈയിടെ ലഭിച്ച നിവേദനങ്ങൾ പരിഗണിച്ചാണ് ഗവൺമെന്റ് തീയതി നീട്ടി നൽകിയത്. കഴിഞ്ഞ 15 ദിവസത്തിനിടെ മാത്രം 30,000 അപ്പീലുകളാണ് ഫയൽ ചെയ്യപ്പെട്ടത്. ഇതിൽ പ്രതിദിന അപ്പീലുകളുടെ എണ്ണം പരമാവധി 5,500 വരെ ഉയർന്നിരുന്നു എന്നതും ശ്രദ്ധേയമാണ്.






# കാർഷികസമൃദ്ധി വീണ്ടെടുക്കാൻ ഇലന്തൂർ: 10 നീർച്ചാലുകൾ നവീകരിക്കും

**ഇലന്തൂർ:** ഇലന്തൂർ ഗ്രാമത്തിലെ കാർഷിക സമൃദ്ധിയുടെ വീണ്ടെടുപ്പിന് 10 നീർച്ചാലുകൾ നവീകരിക്കും. വിബി ജി റാംജി പദ്ധതിയിൽ ഉൾപ്പടുത്തിയാണ് തോടുകൾ ശുചീകരിച്ചും തടയണകൾ നിർമിച്ചും കാർഷിക ഉപയോഗത്തിനായി ജലമൊഴുക്ക് ക്രമീകരിക്കുക. മൂന്നു മാസം നീളുന്ന നവീകരണ പ്രവർത്തനങ്ങളിൽ 426 തൊഴിലുറപ്പ് തൊഴിലാളികൾ പങ്കുചേരും.

ഭഗവതികുന്ന് വെട്ടിക്കൽ, വെട്ടിക്കൽ ആനപ്പാറ, തെങ്ങുംതറ വെട്ടിക്കൽ തോടുകളാണ് നവീകരിക്കുന്നതിൽ പ്രധാനം. പുള്ളുവനാൽ കച്ചകെട്ട് മേമുറിയിൽ, കുമരമല പമ്പ് ഹൗസ് കരിങ്ങാട്ടിൽ, തുമ്പോന്തറ ചെമ്പകത്തിനാൽ, പട്ടംതറ, നെല്ലിക്കുന്ന് ഇലന്തൂർ ജംഗ്ഷൻ, സിഎസ്ഐ വെട്ടിക്കൽ പടി, ഭജനമഠം മധുമല, കൊച്ചുവരട്ടുചിറ തുടങ്ങിയ തോടുകളാണ് നവീകരിക്കുക. ഇലന്തൂർ പഞ്ചാത്തിലെ ഏക്കർ കണക്കിന് പാടശേഖരങ്ങളെ ജലസമൃദ്ധമാക്കുന്നതാണ് ഈ തോടുകൾ.

കൈയേറ്റവും മാലിന്യം നിറഞ്ഞും നീർച്ചാലുകൾ നാശോന്മുഖമായതോടെയാണ് ജനകീയ കൂട്ടായ്മയിൽ തോടുകൾ നവീകരിക്കാൻ പഞ്ചായത്തു ഭരണസമിതി പദ്ധതിയിട്ടത്. ജലസമൃദ്ധി ഉറപ്പാക്കാൻ വിവിധ സ്ഥലങ്ങളിൽ തടയകളും നിർമിക്കും. തരിശു പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സിഎസ്ഐ പള്ളിപ്പടി മുതൽ വെട്ടിക്കൽ വരെയുള്ള തോട് നവീകരിച്ച് വിബി ജി റാംജി പദ്ധതിയുടെ പഞ്ചായത്തുതല പ്രവർത്തനം ആരംഭിച്ചു.ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ.പി. മുകുന്ദൻ ഉദ്ഘാടനം നിർവഹിച്ചു.

വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സാം ചെമ്പകത്തിൽ അധ്യക്ഷത വഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷ റേച്ചൽ തോമസ്, കമ്മിറ്റി അംഗങ്ങളായ കെ.ജി. റെജി, അരുൺ രാജ്, ഇന്ദിരാ മോഹൻ, രെഞ്ചു രാജേഷ്, പദ്ധതി അക്രെഡിറ്റഡ് എൻജിനിയർ അനീഷ് വി. നായർ, സാജൻ ജോർജ്, സുനിത കെ. ബേബി എന്നിവർ പ്രസംഗിച്ചു.

കൂടുതൽ ഷൂട്ടർമാരെ നിയോഗിച്ച് കൃഷി നശിപ്പിക്കുന്ന പന്നികളെ നശിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചതായും മാലിന്യങ്ങൾ തോട്ടിൽ തള്ളാതിരിക്കാൻ ജനങ്ങൾ ശ്രദ്ധിക്കണമെന്നും നിയമം ലംഘിക്കുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കുമെന്നും പ്രസിഡൻറ് കെ.പി. മുകുന്ദനും സ്ഥിരംസമിതി അധ്യക്ഷൻ സാം ചെമ്പകത്തിലും മുന്നറിയിപ്പ് നൽകി.



# നമുക്ക് ചുറ്റുമുള്ളതു സാധ്യതകളുടെ ലോകം: മാർ മഠത്തിക്കണ്ടത്തിൽ

**തൊടുപുഴ:** നമുക്കു ചുറ്റുമുള്ള അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തിയാൽ ഉയരങ്ങളിലേക്കു കുതിക്കാൻ കഴിയുമെന്ന് കോതമംഗലം ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പറഞ്ഞു.

തൊടുപുഴ ന്യൂമാൻ കോളജിൽ യുജി പ്രോഗ്രാമിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. തീവ്രമായ ആഗ്രഹം, ലക്ഷ്യബോധം എന്നിവയ്ക്കൊപ്പം കഠിനാധ്വാനവുമുണ്ടെങ്കിലെ ഉന്നതവിജയം നേടാനാകൂ എന്നും ബിഷപ് പറഞ്ഞു. കോളജ് മാനേജർ മോൺ. പയസ് മലേക്കണ്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി.

പ്രിൻസിപ്പൽ ഡോ. ജെന്നി കെ. അലക്സ്, ബർസാർ ഫാ. ബെൻസൺ ആൻറണി നിരവത്ത്, വൈസ് പ്രിൻസിപ്പൽമാരായ പ്രഫ. ബിജു പീറ്റർ, ക്യാപ്റ്റൻ പ്രജീഷ് സി. മാത്യു, നോഡൽ ഓഫീസർ ഡാനി ജോയി, ജോയി കിഴക്കേൽ എന്നിവർ പ്രസംഗിച്ചു.

ചടങ്ങിൽ വിവിധ അവാർഡുകൾ കരസ്ഥമാക്കിയ വിദ്യാർഥികളെ ആദരിച്ചു.




റോട്ടറി പുതുവർഷത്തെ ആദ്യ സേവന പ്രവർത്തനത്തിന്റെ ഭാഗമായി റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ക്വീൻ സിറ്റി കടവന്ത്ര ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിക്ക് നൽകിയ ഡയാലിസ്സ് കിറ്റുകൾ റോട്ടേറിയൻ ലിജി അബ്രാഹത്തിൽ നിന്നും ആശുപത്രി സെക്രട്ടറി അജയ് തറയിൽ ഏറ്റുവാങ്ങുന്നു. ഡോ.സച്ചിദാനന്ദ കമ്മത്ത്, ആലപ്പാട്ട് മുരളീധരൻ, ഉമ്മൻ തോമസ്, കെ.പി.സാജൻ, മോഹൻ എസ്.മേനോൻ തുടങ്ങിയവർ സമീപം.

# റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ക്വീൻ സിറ്റി ഡയാലിസിസ് കിറ്റുകൾ കൈമാറി

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ക്വീൻ സിറ്റി കടവന്ത്ര ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിക്ക് ഡയാലിസ്സ് കിറ്റുകൾ കൈമാറി. റോട്ടറി പുതുവർഷത്തെ സേവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കൂടിയായിരുന്നു ഇത്. ആശുപത്രിയിൽ സംഘടിപ്പിച്ച ചടങ്ങിൽ ആശുപത്രി സെക്രട്ടറി അജയ് തറയിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ.സച്ചിദാനന്ദ കമ്മത്ത്, ആശുപത്രി ബോർഡ് ഡയറക്ടർ മുരളീധരൻ ആലപ്പാട്ട് എന്നിവർ ചേർന്ന് റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ക്വീൻ സിറ്റി പ്രസിഡന്റ് റോട്ടേറിയൻ ലിജി അബ്രഹാം, സെക്രട്ടറി റോട്ടേറിയൻ ഉമ്മൻ തോമസ്, സർവീസ് പ്രോജക്ട് ചെയർ റോട്ടേറിയൻ കെ.പി.സാജൻ, ചാർട്ടർ പ്രസിഡന്റ് റോട്ടേറിയൻ മോഹൻ എസ്.മേനോൻ എന്നിവരിൽ നിന്നുമാണ് ഡയാലിസിസ് കിറ്റുകൾ ഏറ്റുവാങ്ങിയത്.

# സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കും: മന്ത്രി കെ.മുരളീധരൻ

**തിരുവനന്തപുരം:** പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുമെന്നും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുമെന്നും ആരോഗ്യം ദേവസ്വം വകുപ്പ് മന്ത്രി കെ.മുരളീധരൻ പറഞ്ഞു. അതേസമയം ചെറിയ ചികിത്സാ പിഴവുപോലും ഉണ്ടാകാതിരിക്കാനുള്ള ജാഗ്രത ഡോക്ടർമാർക്ക് ഉണ്ടാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സർക്കാർ മേഖലയിലെ മോഡേൺ മെഡിസിൻ, ആയുർവേദം, ഹോമിയോ തുടങ്ങിയ വിഭാഗങ്ങളെ ഡോക്ടർമാരുടെ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. സെക്രട്ടേറിയറ്റിലെ മന്ത്രിയുടെ ഓഫീസിലാണ് സംഘടനാ പ്രതിനിധികളുമായി പ്രത്യേകം ചർച്ച നടത്തിയത്. ഡോക്ടർമാരുടെ ട്രെയിനിംഗ് കലണ്ടർ മുൻകൂട്ടി തയ്യാറാക്കി കാര്യക്ഷമമായി നടപ്പാക്കുമെന്നും മന്ത്രി ഉറപ്പ് നൽകി.

തയ്യാറെടുപ്പില്ലാതെ ട്രെയിനിംഗ് പെട്ടന്ന് നിശ്ചയിക്കുന്നതും വിവിധ ജില്ലകളിലെ ഡോക്ടർമാർ പുറപ്പെട്ട ശേഷം അത് റദ്ദാക്കുന്നതും കാരണമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംഘടനാ പ്രതിനിധികൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതോടെയാണ് ഇക്കാര്യം അനുഭാവപൂർവം പരിഗണിച്ചത്.

ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിലെ ചികിത്സകൾക്ക് ഏകീകൃത സ്വഭാവമുണ്ടാകണമെന്നും ഇതിനായി ആശുപത്രികളെ സ്റ്റാൻഡൈസ് ചെയ്യണമെന്ന് കേരള ഗവ. മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ) ഭാരവാഹികൾ ആവശ്യപ്പെട്ടു. തിരക്കുള്ള ആശുപത്രികളിൽ അത്യാഹിത വിഭാഗങ്ങളിൽ രണ്ട് മെഡിക്കൽ ഓഫീസറർമാരെ നിയോഗിക്കണമെന്ന ഡോക്ടർമാരുടെ ആവശ്യവും പരിഗണിക്കാമെന്ന് മന്ത്രി പറഞ്ഞു.

കൂടുതൽ സൈക്യാട്രിസ്റ്റുകളെയും ഫോറൻസിക് സർജൻമാരെയും താഴേതട്ടിൽ നിയമിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി കെ.മുരളീധരൻ പറഞ്ഞു.

ആശുപത്രികളിലെ മുതിർന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ സൂപ്രണ്ടുമാരാക്കണമെന്നും സ്!പെഷ്യലിസ്റ്റ് ഡോക്ടർമാർക്കായി ഡയറക്ടർ തസ്തിക വേണമെന്നും കേരള ഗവ.സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസോസിയേഷൻ (കെ.ജി.എസ്.ഡി.എ) പ്രതിനിധികൾ ഉന്നയിച്ചു.

മെഡിക്കൽ കോളേജ് ഡോക്ടർമാരോട് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളും ഇനിയും ലഭിക്കാനുള്ള ശമ്പള കുടിശികയ്ക്ക് വേണ്ടി നടത്തിയ സമരങ്ങളെ കുറിച്ചും കേരള ഗവ.മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.ജി.എം.സി.ടി.എ) പ്രതിനിധികൾ വിശദീകരിച്ചു. മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെ നിയമനം വേഗത്തിലാക്കാൻ പ്രത്യേക സംവിധാനം ഒരുക്കണമെന്നും ഇവർ ആവശ്യപ്പെട്ടു. മെഡിക്കൽ കോളേജുകൾക്ക് സ്വയം ഭരണാവകാശം നൽകണമെന്ന ആവശ്യം പരിശോധിച്ച് നടപ്പിലാക്കുമെന്ന് മന്ത്രി പറഞ്ഞു.

വയനാട്, ഇടുക്കി,കാസർകോട് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ മന്ത്രി സംഘടനാ പ്രതിനിധികളോട് തേടി. ജീവനക്കാരുടെ വിന്യാസത്തിന് ഉൾപ്പെടെ ന്യായമായ എല്ലാ തീരുമാനങ്ങൾക്കും സംഘടന ഒപ്പമുണ്ടാകുമെന്ന് പ്രതിനിധികൾ പറഞ്ഞു. ആയുർവേദ മേഖലയുടെ ഉന്നമനത്തിനായി 2016ൽ ഉമ്മൻചാണ്ടി സർക്കാർ പ്രഖ്യാപിച്ച ആയുഷ് ഹെൽത്ത് പോളിസി നടപ്പാക്കണമെന്ന് കേരള സ്റ്റേറ്റ് ഗവ.ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ പ്രതിനിധികൾ ആവശ്യപ്പെട്ടു. ആയുർവേദ രംഗത്ത് ഗവേഷണങ്ങൾ ശക്തമാക്കണമെന്ന് മന്ത്രി കെ.മുരളീധരൻ നിർദ്ദേശിച്ചു. ഹോമിയോപതി നഴ്സിംഗ് കോഴ്സ് വേണമെന്ന കേരള ഗവ.ഹോമിയോ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (കെ.ജി.എച്ച്.എം.ഒ.എ) ഭാരവാഹികളുടെ ആവശ്യം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. ആയുർവേദം, ഹോമിയോ വിഭാഗങ്ങളിലെ ചികിത്സയ്ക്ക് കാരുണ്യ ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കുന്നത് പരിഗണിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അഖിലകേരള ആയുർവേദ കോളേജ് അദ്ധ്യാപക സംഘടന, കേരള സ്റ്റേറ്റ് ഗവ.ആയുർവേദ സ്!പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ, നഴ്സുമാരെ പ്രതിനിധീകരിച്ച് കേരള ഗവ.നഴ്സസ് യൂണിയൻ ഭാരവാഹികളുമായും മന്ത്രി ചർച്ച നടത്തി.

# ലയൺസ് സർവീസ് പ്രോജക്ടുകൾ ഉദ്ഘാടനംചെയ്തു

**ചാലക്കുടി:** ലയൺസ് 318 ഡി റീജിയൺ 17ലെ പുതിയ ലയണസ്റ്റിക് വർഷത്തെ സർവീസ് പ്രോജക്ടുകളുടെ ഉദ്ഘാടനം നടത്തി. മുൻ ഡിസ്ട്രിക്ട് ഗവർണർ സാജു ആൻറണി പാത്താടൻ ഉദ്ഘാടനം ചെയ്തു. റീജണൽ ചെയർപേഴ്സൺ കെ.കെ. ജോൺസൻ അധ്യക്ഷതവഹിച്ചു

വാർഡ് കൗൺസിലർ വി.ജെ. ജോജി മുഖ്യാതിഥിയായിരുന്നു. ലയൺസ് ക്ലബ് പ്രസിഡൻറും ഇട്ടൂപ്പ് കോനൂപറമ്പൻ, സോൺ ചെയർപേഴ്സൺമാരായ ഡോ. ജോർജ് കോലഞ്ചേരി, എം.സി. പോളച്ചൻ, റീജിയൺ മുൻ ചെയർപേഴ്സൺ ഹാരി മാളിയേക്കൽ എന്നിവർ പ്രസംഗിച്ചു. മെഗാ സൗജന്യ മെഡിക്കൽ ക്യാമ്പും നടത്തി. ഡോക്ടേഴ്സ് ദിനത്തിനോടനുബന്ധിച്ചു ഡോക്ടേഴ്സിനെ ആദരിക്കലും വൃക്ഷത്തൈ വിതരണവും നടത്തി.

സൊസൈറ്റി ടുഡേ
SOCIETY TODAY

## എം.ജി സർവകലാശാല

### വൈവ വോസി

നാലാം സെമസ്റ്റർ എംഎ ഇംഗ്ലീഷ് പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ വൈവ വോസി, ഡിസ്സർട്ടേഷൻ ഇവാലുവേഷൻ പരീക്ഷകൾ ജൂലൈ 9, 10 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബിഎ ആനിമേഷൻ ആൻറ് ഗ്രാഫിക് ഡിസൈൻ, ബിഎ വിഷ്വൽ ആർട്സ് ആൻറ് ബിഎ ആനിമേഷൻ ആൻറ് വിഷ്വൽ ഇഫക്ട്സ് (സിബിസിഎസ്) (പുതിയ സ്കീം2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഏപ്രിൽ 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 9 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
രണ്ടാം സെമസ്റ്റർ ബിവോക് ആനിമേഷൻ ആൻറ് ഗ്രാഫിക് ഡിസൈൻ (പുതിയ സ്കീം2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഏപ്രിൽ 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 13 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ എംബിഎ (2017, 2018 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 13 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാ ഫലം

അഫിലേയേറ്റഡ് കോളേജുകളിലെയും സിപാസിലെയും ഒന്നു മുതൽ നാലു വരെ സെമസ്റ്ററുകൾ എംസിഎ (2016, 2017 ന് മുന്നേയുള്ള അഡ്മിഷനുകൾ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) നവംബർ 2025 ന്റെ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 14 വരെ ഓൺലൈനിൽ അപേക്ഷിക്കാം.



ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ കൊച്ചി ശാഖ സംഘടിപ്പിച്ച ദേശീയ ഡോക്ടേഴ്സ് ദിനാഘോഷം ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ബൻസീർ ഹുസൈൻ, ഡോ. സച്ചിൻ സുരേഷ്, ഡോ. വിനോദ് പത്മനാഭൻ, ഡോ. എം. കെ. മണി, ഡോ. പി. രാമകൃഷ്ണൻ, ഡോ. ഫിലിപ്പ് അഗസ്റ്റ്യൻ, ഡോ. ടി. എൻ. ചിത്ര, ഡോ. വി. പി. കുരൈയ്പ്പ്, ഡോ. കെ. ജെ. പൗലോസ്,ഡോ. ജേക്കബ് അബ്രാഹം,ഡോ. അതുൽ ജോസഫ് മാനുവൽ എന്നിവർ സമീപം

# കേരളത്തിലെ ആരോഗ്യപരിപാലന രംഗം ലോകോത്തരം; ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി:** കേരളത്തിലെ ആരോഗ്യ പരിപാലനമേഖല ലോകോത്തരമെന്ന് ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ. കലൂർ ഐ.എം.എ ഹൗസിൽ ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ കൊച്ചി ശാഖ സംഘടിപ്പിച്ച ദേശീയ ഡോക്ടേഴ്സ് ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.വിദേശത്ത് റെക്ടിനൽ ഡിറ്റാച്ച്മെന്റ് ബാധിച്ച ഒരു രോഗിക്ക് സ്പെഷ്യലിസ്റ്റ് കൺസൾട്ടേഷന് എട്ട് മാസത്തിന് ശേഷം മാത്രമാണ് അപ്പോയ്മെന്റ് ലഭിച്ചത്. എന്നാൽ ഈ രോഗി കേരളത്തിൽ വന്ന് നാൽപത്തയെട്ട് മണിക്കൂറിനകം കണ്ണിന്റെ ഓപ്പറേഷൻ നടത്തിയ വിവരം അദ്ദേഹം സദസുമായി പങ്കുവച്ചു. ഡോക്ടർമാരുടെ രോഗീ പ്രതിബദ്ധതയെ പ്രശംസിച്ച അദ്ദേഹം ഡോക്ടർമാർ തുടർച്ചയായി 48 മണിക്കൂർ വരെ ജോലിചെയ്യേണ്ടിവരുന്ന അവസ്ഥ നല്ലതല്ലെന്നും പറഞ്ഞു. ആശുപത്രികളുടെയും ആരോഗ്യ പ്രവർത്തകരുടെയും നേരെയുണ്ടാകുന്ന അതിക്രമണങ്ങളിൽ കോടതികൾ വളരെ വേഗം ഇടപെടന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ഡോ.ഫിലിപ്പ് അഗസ്റ്റിൻ, ഡോ.പി.രാമകൃഷ്ണൻ, ഡോ.എം.കെ.മണി,ഡോ.ടി.എൻ ചന്ദ്രിക,ഡോ.കെ.ജെ.പൗലോസ് എന്നിവരെ ലൈഫ് ടൈം അച്ചീവ്മെന്റ് അവർഡ് നൽകി ആദരിച്ചു.കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഡോ.അതുൽ ജോസഫ് മാനുവൽ, സെക്രട്ടറി ഡോ. സച്ചിൻ സുരേഷ്, ട്രഷറർ ഡോ.ബൻസീർ ഹുസൈൻ, പ്രസിഡന്റ് ഇലക്ട് ഡോ. വിനോദ് പത്മനാഭൻ, ഇമ്മീഡിയറ്റ് പാസ്റ്റ് പ്രസിഡന്റ് ഡോ.ജേക്കബ് അബ്രാഹം, ഡോ.വി.പി.കുരിഐപ്പ്, ഡോ.എം.വേണുഗോപാൽ തുടങ്ങിയവർ പ്രസംഗിച്ചു.

# കടൽമത്സ്യ വിത്തുൽപാദനത്തിൽ പരിശീലനം

**കൊച്ചി:** ദേശീയ മത്സ്യകർഷക ദിനാചരണത്തോടനുബന്ധിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കടൽ മത്സ്യ വിത്തുൽപാദനത്തിലും കൃഷിയിലും പ്രത്യേക പരിശീലനം നൽകുന്നു. ജൂലൈ 8 മുതൽ 10 വരെ നടക്കുന്ന പരിശീലനത്തിൽ മത്സ്യകർഷകർ, സംരംഭകർ, ടെക്നീഷ്യന്മാർ, അധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവർക്ക് പങ്കെടുക്കാം. ഓൾ ഇന്ത്യ നെറ്റ്വർക്ക് പ്രോജക്ട് ഓൺ മാരികൾച്ചർ പദ്ധതിക്ക് കീഴിലാണ് പരിപാടി.

വാണിജ്യപ്രാധാന്യമുള്ള കടൽമത്സ്യങ്ങളെ ഹാച്ചറി സാഹചര്യത്തിൽ പ്രജനനം നടത്താനും മികച്ച വളർച്ചാനിരക്ക് ലഭിക്കുന്ന വിധം അവയുടെ ശാസ്ത്രീയ കൃഷിരീതികളും പരിചയപ്പെടുത്തും.

താൽപര്യമുള്ളവർ ജൂലൈ 6നകം പേര് രജിസ്റ്റർ ചെയ്യണം. ഫോൺ 9846217765.

# പി.എം.ശ്രീ കേന്ദ്രീയ വിദ്യാലയം പട്ടം: 62–ാം സ്ഥാപക ദിനം ആഘോഷിച്ചു

**തിരുവനന്തപുരം:** പി.എം.ശ്രീ കേന്ദ്രീയ വിദ്യാലയം പട്ടത്തിന്റെ 62ാമത് സ്ഥാപക ദിനം ആഘോഷിച്ചു. 1964 മുതൽ വിദ്യാഭ്യാസ രംഗത്ത് വിദ്യാലയം കാഴ്ചവച്ച മഹത്തായ സേവനങ്ങളെ അനുസ്മരിച്ചായിരുന്നു ചടങ്ങുകൾ. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രമുഖ വ്യക്തികൾ, വിരമിച്ച അധ്യാപകർ, പൂർവവിദ്യാർഥികൾ, രക്ഷിതാക്കൾ, ജീവനക്കാർ, വിദ്യാർഥികൾ തുടങ്ങി നിരവധി പേർ പങ്കെടുത്തു. കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. അച്യുത്ശങ്കർ.എസ്.നായർ ചടങ്ങിൽ മുഖ്യാതിഥിയായി.

പ്രിൻസിപ്പൽ ആർ.ഗിരി ശങ്കരൻ തമ്പി സ്വാഗതം ആശംസിച്ചു. വിദ്യാലയത്തിന്റെ 62 വർഷത്തെ വളർച്ചയെ കുറിച്ച് അദ്ദേഹം ഓർമിപ്പിച്ചു. വിദ്യാലയത്തിൽ നിന്നു വിരമിച്ച അധ്യാപകരെ ചടങ്ങിൽ ആദരിച്ചു. കെ.വി.പട്ടം കുടുംബത്തിന്റെയും കേന്ദ്രീയ വിദ്യാലയ സംഘടനയുടെയും വിവിധ പദവികളിൽ സേവനമനുഷ്ഠിച്ച മുൻ ജോയിന്റ് കമ്മിഷനർ രാമചന്ദ്രൻ, മുൻ അസിസ്റ്റന്റ് കമ്മിഷനർ അജയ് കുമാർ, മുൻ പ്രിൻസിപ്പൽമാരായ സിസി റോയ് മാത്യു, നീരദ സുരേഷ്, വത്സല നായർ, നാരായണൻ നമ്പൂതിരി, ഉണ്ണിത്താൻ, റാണി.എസ്.ഡി. എന്നിവരെയും വിരമിച്ച മറ്റ് അധ്യാപകരെയും ചടങ്ങിൽ ആദരിച്ചു.

തുടർന്ന്, വിദ്യാലയത്തിന്റെ വളർച്ചയും നേട്ടങ്ങളും കോർത്തിണക്കി തയാറാക്കിയ പ്രത്യേക വിഡിയോ പ്രദർശനം നടന്നു. വിദ്യാർഥികൾ അവതരിപ്പിച്ച ശാസ്ത്രീയ നൃത്തവും വിദ്യാലയ ഗീതത്തിന്റെ ദൃശ്യാവിഷ്കാരവും ഉൾപ്പെട്ട സാംസ്കാരിക പരിപാടികൾ ചടങ്ങിന് മാറ്റുകൂട്ടി. വൈസ് പ്രിൻസിപ്പൽ എസ്.ശോഭനകുമാരി നന്ദി രേഖപ്പെടുത്തി.

# 640 ലധികം കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയകൾ പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** കുട്ടികൾക്കും മുതിർന്നവർക്കുമുള്ള കേരളത്തിലെ ഏറ്റവും വലുതും സമഗ്രവുമായ ട്രാൻസ്പ്ലാന്റ് സെന്ററുകളിലൊന്നായ ആസ്റ്റർ മെഡ്സിറ്റിയിലെ ഇന്റഗ്രേറ്റഡ് ലിവർ കെയർ വിഭാഗം 640-ൽ പരം കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി നടത്തി ഒപ്പം പത്താം വാർഷികവും ആഘോഷിച്ചു. പത്താം വർഷികത്തിന്റെ ഉദ്ഘാടനം ഹൈബി ഈഡൻ എം.പി. നിർവ്വഹിച്ചു. 'ആരോഗ്യത്തിന്റെയും പ്രത്യാശയുടെയും മികച്ചൊരു പാരമ്പര്യം കെട്ടിപ്പടുക്കാൻ ഒന്നിച്ച് പ്രവർത്തിച്ച രോഗികൾ, അവരുടെ കുടുംബങ്ങൾ, ആരോഗ്യ പ്രവർത്തകർ എന്നിവരടങ്ങുന്ന സമൂഹത്തിന്റേതാണ് ഈ പത്ത് വർഷത്തെ നാഴികക്കല്ലെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ ഹെപ്പറ്റോ പാൻക്രിയാറ്റോ ബിലിയറി & അബ്ഡോമിനൽ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാൻറ് സീനിയർ കൺസൾട്ടന്റ് ഡോ. മാത്യു ജേക്കബ് പറഞ്ഞു.ഇന്ത്യയിലെ ആദ്യത്തെ വിജയകരമായ 'ലിവർ ഗ്രാഫ്റ്റ് റീയൂസ്' (കരൾ ഗ്രാഫ്റ്റ് പുനരുപയോഗം)ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ കുട്ടിയിൽ ജീവനുള്ള ദാതാവിൽ നിന്നും ഒരേസമയമുള്ള കരൾ, വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ ആദ്യത്തെ ഇരട്ടക്കുട്ടികൾ തുടങ്ങി ഒട്ടേറെ വെല്ലുവിളികളെയും ഈ കലയളവിൽ ഇന്റഗ്രേറ്റഡ് ലിവർ കെയർ വിഭാഗം അഭിമുഖീകരിച്ചു.




ആസ്റ്റർ മെഡ്സിറ്റിയിലെ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയുടെ പത്താം വാർഷിക ആഘോഷചടങ്ങിന്റെ ഉദ്ഘാടനം ഹൈബി ഈഡൻ എം.പി. നിർവ്വഹിക്കുന്നു.

# തെരേസ സ്പിനെലി പബ്ലിക് സ്കൂൾ ഫിഫ ലോക കപ്പിന്റെ ആഘോഷ തിമർപ്പിൽ

**കലൂർ:** 2026 ഫിഫ ലോകകപ്പിന്റെ ആഘോഷങ്ങൾ വർണ്ണാഭമാക്കുവാൻ പൊറ്റക്കുഴി തെരേസ സ്പിനെലി പബ്ലിക് സ്കൂളിലെ കായിക പ്രേമികൾ അണിനിരന്നു. തങ്ങളുടെ പ്രിയപ്പെട്ട രാജ്യങ്ങളുടെ ജേഴ്സി അണിഞ്ഞാണ് വിദ്യാർത്ഥികളും അധ്യാപകരും സ്കൂളിലേക്ക് എത്തിയത്. പ്രമുഖ താരങ്ങളുടെ കട്ടൗട്ടുകളും ഓരോ രാജ്യത്തിന്റെയും പതാകകളും കൊണ്ട് സ്കൂൾ അങ്കണം വർണ്ണാഭമാക്കി. ഫിഫയുടെ തീം സോങ്ങിന് അനുസരിച്ച് വിദ്യാർത്ഥികൾ നൃത്തച്ചുവടുകൾ വച്ചു. ആഘോഷത്തിന്റെ ഭാഗമായി പെനാൽറ്റി ഷൂട്ടൗട്ട് , ലോകകപ്പ് ക്വിസ് മത്സരം , പ്രതീകാത്മക ലോകകപ്പ് മത്സരം എന്നിവ നടത്തി. യുവതലമുറയുടെ കായികാവേശങ്ങൾ ആഘോഷത്തിന് മാറ്റുകൂട്ടി. സ്കൂളിലെ മുഴുവൻ കുട്ടികളും അധ്യാപകരും ആഘോഷ പരിപാടിയിൽ സജീവ പങ്കാളികളായി. വരാപ്പുഴ രൂപതാംഗം ഫാ. നിബിൻ കുര്യാക്കോസ് മുഖ്യാതിഥി ആയിരുന്നു.



തെരേസ സ്പിനെലി പബ്ലിക് സ്കൂളിലെ കുട്ടികൾ വിവിധരാജ്യങ്ങളുടെ ജേഴ്സി അണിഞ്ഞ് അണിനിരന്നപ്പോൾ

# നൈറ്റ് ഫാൾ: ദി കൊച്ചി ഇൻവേഷൻ

## യന്ത്രത്തിന്റെ സ്വപ്നങ്ങളിൽ ജനിച്ച മലയാള സിനിമ



■ എ.സെബാസ്റ്റ്യൻ
9846999691

ചില സിനിമകൾ തങ്ങളുടെ കഥകൊണ്ട് ഓർമ്മിക്കപ്പെടുന്നു. ചിലത് കഥാപാത്രങ്ങളിലൂടെ. ചിലത് ദൃശ്യഭംഗിയിലൂടെ. എന്നാൽ അപൂർവ്വമായി മാത്രം ചില സിനിമകൾ ചരിത്രത്തിന്റെ ഭാഗമാകുന്നു. അവയെക്കുറിച്ചുള്ള വിലയിരുത്തലുകൾ അവ റിലീസ് ചെയ്ത ദിവസത്തിൽ പൂർത്തിയാകുന്നില്ല; മറിച്ച് അവ ഒരു പുതിയ കാലഘട്ടത്തിന്റെ തുടക്കമാണോ എന്ന ചോദ്യത്തിലൂടെയാണ് പിന്നീട് അവ വായിക്കപ്പെടുന്നത്. നൈറ്റ് ഫാൾ: ദി കൊച്ചി ഇൻവേഷൻ എന്ന സിനിമയെക്കുറിച്ച് എഴുതുമ്പോൾ ആദ്യം നേരിടേണ്ടി വരുന്ന ചോദ്യം അതാണ്.

കൊച്ചി വനിത തിയേറ്ററിൽ നിന്ന് ചിത്രം കണ്ടിറങ്ങുമ്പോൾ മനസ്സിൽ അവശേഷിച്ചത് ഒരു സയൻസ് ഫിക്ഷൻ ത്രില്ലറിന്റെ ആവേശം മാത്രമായിരുന്നില്ല. മറിച്ച്, സിനിമ എന്ന കലാരൂപം സാങ്കേതികമായി മറ്റൊരു വഴിത്തിരിവിലെത്തിയിരിക്കുകയാണോ എന്ന ആശങ്കയും കൗതുകവും കലർന്ന ഒരു ചിന്തയായിരുന്നു അത്. മലയാള സിനിമയിലെ ആദ്യത്തെ സമ്പൂർണ എ.ഐ. സിനിമ എന്ന വിശേഷണം ഈ ചിത്രത്തിനുണ്ട്. എന്നാൽ ആ വിശേഷണം ഒരു പരസ്യവാചകമായി മാത്രം അവശേഷിക്കാതെ സിനിമയുടെ ആന്തരിക ഘടനയിലും പ്രകടമാകുന്നു എന്നതാണ് ഇതിന്റെ പ്രാധാന്യം.

നമ്മുടെ കാലത്തിന്റെ ഏറ്റവും വലിയ സാങ്കേതിക വിപ്ലവമാണ് കൃത്രിമബുദ്ധി. മനുഷ്യചരിത്രത്തിൽ വ്യാവസായിക വിപ്ലവം യന്ത്രങ്ങളെ സൃഷ്ടിച്ചെങ്കിൽ, ഡിജിറ്റൽ വിപ്ലവം വിവരങ്ങളെ പുനഃസംഘടിപ്പിച്ചെങ്കിൽ, എ.ഐ. വിപ്ലവം സൃഷ്ടിപരതയുടെ അതിർത്തികളെയാണ് ചോദ്യം ചെയ്യുന്നത്. ചിത്രരചന, സംഗീതം, സാഹിത്യം, ഫോട്ടോഗ്രാഫി, വീഡിയോ നിർമാണം മനുഷ്യന്റെ സൃഷ്ടിപരമായ ഇടങ്ങളിലേക്ക് യന്ത്രങ്ങൾ കടന്നുകയറുന്ന കാലത്താണ് നാം ജീവിക്കുന്നത്. എ.ഐ. ഉപയോഗിച്ച് ചിത്രങ്ങൾ സൃഷ്ടിക്കുന്നവരും ഗാനങ്ങൾ നിർമിക്കുന്നവരും ചെറിയ വീഡിയോകൾ ഉണ്ടാക്കുന്നവരും ഇന്ന് അസംഖ്യമാണ്. ഏതാനും വാക്കുകൾ നൽകി ഒരു ദൃശ്യം ജനിപ്പിക്കാനോ ഒരു പാട്ട് സൃഷ്ടിക്കാനോ കഴിയുന്ന സാങ്കേതികവിദ്യ ഇന്ന് ഒരു സാധാരണ ഉപയോക്താവിന്റെ വിരൽത്തുമ്പിലുണ്ട്. എന്നാൽ ആ സാങ്കേതികവിദ്യയെ ഉപയോഗിച്ച് ഒരു മണിക്കൂറും ഇരുപത്തിയൊമ്പത് മിനിറ്റും ദൈർഘ്യമുള്ള സമ്പൂർണ സിനിമ നിർമിക്കുക എന്നത് മറ്റൊരു തലത്തിലുള്ള വെല്ലുവിളിയാണ്.






നൈറ്റ് ഫാൾ ആ വെല്ലുവിളിയെ അഭിമുഖീകരിച്ചിരിക്കുന്നു. സിനിമയുടെ കഥ ഒരു ക്ലാസിക് സയൻസ് ഫിക്ഷൻ ആശയത്തിൽ നിന്നാണ് ആരംഭിക്കുന്നത്. മഴയിൽ മുങ്ങിയ ഒരു രാത്രിയിൽ കൊച്ചി നഗരത്തിന്റെ ആകാശത്ത് ഭീമാകാരമായ അന്യഗ്രഹ പേടകങ്ങൾ പ്രത്യക്ഷപ്പെടുന്നു. നീല തിമിംഗലങ്ങളുടെ രൂപസാദൃശ്യമുള്ള ആ മദർഷിപ്പുകളിൽ നിന്ന് നൂറുകണക്കിന് പറക്കും തളികകൾ നഗരത്തിലേക്ക് കുതിച്ചിറങ്ങുന്നു. പരിചിതമായ നഗരഭൂപടം നിമിഷങ്ങൾക്കകം ഒരു യുദ്ധക്കളമായി മാറുന്നു. ഈ പ്രതിസന്ധിയുടെ നടുവിൽ ജീവൻ പണയംവെച്ച് റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തക പ്രിയയിലൂടെയാണ് ചിത്രം അതിന്റെ മനുഷ്യകേന്ദ്രം കണ്ടെത്തുന്നത്. ഇവിടെ കഥയുടെ മൗലികതയെക്കാൾ പ്രധാനപ്പെട്ടത് അതിന്റെ അവതരണമാണ്. കാരണം ഈ സിനിമയുടെ യഥാർത്ഥ വിഷയം അന്യഗ്രഹജീവികളുടെ ആക്രമണമല്ല; മറിച്ച് എ.ഐ. സാങ്കേതികവിദ്യ ഉപയോഗിച്ച് സിനിമ എന്ന മാധ്യമത്തെ എത്രത്തോളം പുനർനിർവചിക്കാനാകുമെന്ന പരീക്ഷണമാണ്.

സാധാരണയായി എ.ഐ. സൃഷ്ടിക്കുന്ന ദൃശ്യങ്ങൾക്ക് ഒരു സ്വപ്നസദൃശമായ അസ്ഥിരതയുണ്ട്. മുഖങ്ങൾ മാറിമറിയുന്നു. ശരീരഭാഷ അസ്വാഭാവികമാകുന്നു. ചുണ്ടുകളുടെ ചലനവും സംഭാഷണവും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടാകുന്നു. ദൃശ്യങ്ങൾ തമ്മിലുള്ള തുടർച്ച നഷ്ടപ്പെടുന്നു. ഈ പരിമിതികളാണ് ഇതുവരെ എ.ഐ. വീഡിയോകളെ കൗതുകവസ്തുക്കളായി മാത്രം നിലനിർത്തിയത്. എന്നാൽ നൈറ്റ് ഫാൾ അതിനെ മറികടക്കാനുള്ള ശ്രദ്ധേയമായ ശ്രമമാണ്. ചിത്രം പൂർണതയിലെത്തിയെന്ന് പറയാനാവില്ല. എന്നിരുന്നാലും ഒരു സ്ഥലത്ത് പോലും പ്രേക്ഷകനെ സിനിമയിൽ നിന്ന് പുറത്തേക്കെറിയുന്ന തരത്തിലുള്ള സാങ്കേതിക പരാജയങ്ങൾ സംഭവിക്കുന്നില്ല. പ്രത്യേകിച്ച് ലിപ്സിങ്കിന്റെ കൃത്യതയും ദൃശ്യങ്ങളുടെ തുടർച്ചയും അതിശയിപ്പിക്കുന്നതാണ്. ഒരു എ.ഐ. സിനിമയെക്കുറിച്ച് എഴുതുമ്പോൾ ഇത്തരമൊരു വാചകം തന്നെ ഒരുപക്ഷേ ഏറ്റവും വലിയ പ്രശംസയായിരിക്കും. പ്രിയ എന്ന കഥാപാത്രം ഈ സിനിമയുടെ ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നാണ്. ഒരു യഥാർത്ഥ നടിയുടെ സാന്നിധ്യമില്ലാതെ പൂർണമായും ഡിജിറ്റൽ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട കഥാപാത്രം. എന്നിട്ടും അവളുടെ മുഖഭാവങ്ങളിലും കണ്ണുകളുടെ ചലനങ്ങളിലും ശബ്ദത്തിലെ വ്യതിയാനങ്ങളിലും ഒരു റിപ്പോർട്ടറുടെ മാനസിക സംഘർഷം അനുഭവപ്പെടുന്നുണ്ട്. മനുഷ്യനെയും യന്ത്രത്തെയും തമ്മിലുള്ള അതിർവരമ്പ് എത്രത്തോളം മങ്ങിയിരിക്കുകയാണ് എന്നതിന്റെ ഉദാഹരണമാണ് ഈ കഥാപാത്രം.

കൊച്ചി നഗരത്തിന്റെ പുനഃസൃഷ്ടിയും ചിത്രത്തിന്റെ വലിയ വിജയമാണ്. പരിചിതമായ നഗരദൃശ്യങ്ങളെ എ.ഐ. വഴി പുനർനിർമിക്കുമ്പോൾ അവ വെറും പശ്ചാത്തല ചിത്രങ്ങളായി മാറുന്നില്ല; കഥയുടെ ഭാഗമാകുന്നു. മഴ നനഞ്ഞ റോഡുകളും നഗരത്തിന്റെ രാത്രി വെളിച്ചങ്ങളും പരേഡ് ഗ്രൗണ്ടും കടൽത്തീരവും ചേർന്ന് ഒരു യാഥാർത്ഥ്യബോധം സൃഷ്ടിക്കുന്നു. അന്യഗ്രഹ ആക്രമണം ന്യൂയോർക്കിലോ ലോസ് ആഞ്ചലസിലോ അല്ല, നമ്മുടെ നഗരത്തിലാണെന്ന ബോധമാണ് ചിത്രത്തിന്റെ വികാരാത്മക ശക്തി. അതേസമയം ഈ സിനിമയെ കേവലം സാങ്കേതികവിദ്യയുടെ വിജയമായി മാത്രം കാണാനാവില്ല. കാരണം സാങ്കേതികവിദ്യ സ്വയം കല സൃഷ്ടിക്കുന്നില്ല. അതിന് പിന്നിൽ ഒരു മനുഷ്യന്റെ ഭാവനയും ദർശനവും ആവശ്യമാണ്. ഇവിടെ സംവിധായകൻ രമേഷ് ബാബുവിന്റെ പങ്ക് നിർണായകമാകുന്നത് അതുകൊണ്ടാണ്. കഥയും തിരക്കഥയും സംഭാഷണങ്ങളും ദൃശ്യസങ്കൽപങ്ങളും മനുഷ്യചിന്തയിൽ നിന്നാണ് ജനിക്കുന്നത്. എ.ഐ. അവയുടെ നിർവഹണ ഉപകരണം മാത്രമാണ്. പലപ്പോഴും എ.ഐ.യെക്കുറിച്ചുള്ള ചർച്ചകളിൽ വിസ്മരിക്കപ്പെടുന്ന സത്യമാണത്. ഈ സിനിമയുടെ യഥാർത്ഥ പ്രസക്തി അതിന്റെ കലാപരമായ പൂർണതയിലല്ല, മറിച്ച് അതിന്റെ ചരിത്രപരമായ ധൈര്യത്തിലാണ്.


രമേഷ് ബാബു, സംവിധായകൻ




മലയാള സിനിമയിൽ ശബ്ദചിത്രം വന്നപ്പോഴും, നിറച്ചിത്രം വന്നപ്പോഴും, ഡിജിറ്റൽ സിനിമ വേരുറച്ചപ്പോഴും ഉണ്ടായിരുന്ന അതേ സ്വഭാവത്തിലുള്ള ഒരു സംശയവും കൗതുകവും ഈ ചിത്രത്തെ ചുറ്റിപ്പറ്റിയുണ്ട്. ഇന്ന് ഇത് ഒരു പരീക്ഷണമാകാം. നാളെ ഇത് ഒരു വ്യവസായരീതിയാകാം. സിനിമയുടെ ഭാവി എന്തായിരിക്കുമെന്ന് നമുക്കറിയില്ല. പക്ഷേ ഒരു കാര്യം ഉറപ്പാണ്: എ.ഐ. സാങ്കേതികവിദ്യ സിനിമയുടെ നിർമാണരീതിയെ മാറ്റിമറിക്കും. ആ മാറ്റത്തിന്റെ ആദ്യത്തെ ശ്രദ്ധേയമായ മലയാള സാക്ഷ്യപത്രമാണ് നൈറ്റ് ഫാൾ: ദി കൊച്ചി ഇൻവേഷൻ. അതുകൊണ്ട് ഈ സിനിമയെ വിലയിരുത്തുമ്പോൾ ചോദിക്കേണ്ടത് ഇത് ഒരു മികച്ച സിനിമയാണോ എന്നത് മാത്രമല്ല. മറിച്ച്, മലയാള സിനിമയുടെ ഭാവിയെക്കുറിച്ചുള്ള ഒരു പുതിയ സംഭാഷണം ആരംഭിക്കാൻ ഇതിന് കഴിഞ്ഞിട്ടുണ്ടോ എന്നതാണ്. ആ ചോദ്യത്തിന് ഉത്തരം വ്യക്തമാണ്. അതെ. ഈ സിനിമ ഒരു സംഭാഷണം ആരംഭിച്ചിട്ടുണ്ട്. ആ സംഭാഷണത്തിന്റെ പേര് ഭാവി.

# ഗൗർമെറ്റ് പോപ്കോർണിക്കയ്ക്ക് ഉപരാഷ്ട്രപതിയുടെ അഭിനന്ദനം



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ പോപ്കോൺ ചോള കമ്പനിയായ ഗൗർമെറ്റ് പോപ്കോർണിക്കയെ അഭിനന്ദിച്ച് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ. കമ്പനി മാനേജിംഗ് ഡയറക്ടർ എസ്.ബി.പി പട്ടാഭി രാമറാവുവിന് അയച്ച വ്യക്തിപരമായ കത്തിലൂടെയാണ് ഉപരാഷ്ട്രപതി കമ്പനിയുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചത്. രാജ്യത്തെ ഒമ്പത് സംസ്ഥാനങ്ങളിലായി നാൽപതിനായിരത്തിൽ പരം ഏക്കറിൽ ഇരുപതിനായിരത്തിൽ പരം കർഷകരുമായി സഹകരിച്ച് ചോളം കൃഷിചെയ്ത് മൂല്യവർദ്ധിത ഉത്പന്നം വിപണിയിൽ എത്തിക്കുന്ന മുൻനിര കമ്പനിയാണ് ഗൗർമെറ്റ് പോപ്കോർണിക്ക. കർഷകരിൽ അത്മവിശ്വാസം വർദ്ധിപ്പിച്ചും അവരുടെ ജീവിത നിലവാരം ഉയർത്തിയും ആത്മനിർഭർ ഭാരത് എന്ന രാജ്യത്തിന്റെ കാഴ്ച്ചപാടിന് വലിയ സംഭാവനയാണ് നൽകികൊണ്ടിരിക്കുന്നതെന്ന് ഉപരാഷ്ട്രപതി പ്രത്യേകം ഊന്നി പറഞ്ഞു. കാർഷിക സംരംഭകത്വത്തിന്റെ കരുത്തിന് മികച്ച ഉദാഹരണമായ കമ്പനി 2030ഓടെ പോപ്കോൺ ചോള ഉൽപ്പാദനത്തിൽ ഇന്ത്യയെ പൂർണ സ്വയംപര്യാപ്തത കൈവരിക്കാൻ പ്രാപ്തരാക്കുമെന്ന് ഉപരാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു. കൂടാതെ ആഗോള തലത്തിൽ പ്രീമിയം ഗുണനിലവാരമുള്ള പോപ്കോൺ ചോളത്തിന്റെ പ്രമുഖ കയറ്റുമതിക്കാരായി ഇന്ത്യ ഉയർന്നുവരാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഉപരാഷ്ട്രപതിയിൽ നിന്നുള്ള ഈ അംഗീകാരം തങ്ങളെ വിശ്വസിച്ച ഓരോ കർഷകർക്കും ടീം അംഗങ്ങൾക്കും അവകാശപ്പെട്ടതാണെന്നും, ഇന്ത്യൻ കൃഷിക്കും ഭാരതത്തിനും വേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള ഇന്ധനമാണിതെന്നും പട്ടാഭി രാമറാവു പ്രതികരിച്ചു. അമേരിക്കയിലെ നെബ്രാസ്കയിലുള്ള പ്രീഫേർഡ് പോപ്കോണിൽ നിന്നുള്ള കാർഷിക സാങ്കേതികവിദ്യയും അറിവും കൈമാറ്റം ചെയ്തുകൊണ്ടാണ് ഗൗർമെറ്റ് പോപ്കോർണിക്കയുടെ യാത്രയുടെ തുടക്കം.




ടാറ്റ സിയേറ ഇവി പുറത്തിറക്കിയ ചടങ്ങിൽ ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ചീഫ് കൊമേഴ്സ്യൽ ഓഫീസർ വിവേക് ശ്രീവാസ്തവ, ടാറ്റ ചീഫ് പ്രൊഡക്ട് ഓഫീസർ ആനന്ദ് കുൽകർണി, പാസഞ്ചർ വെഹിക്കിൾസ് എംഡിയും സിഇഒയുമായ ശൈലേഷ് ചന്ദ്ര എന്നിവർ.

# ടാറ്റ സിയേറ ഇവി പുറത്തിറക്കി

530 കിലോമീറ്റർ റേഞ്ച്, 18.79 ലക്ഷം രൂപ മുതൽ, ലൈഫ് ടൈം ഹൈവോൾട്ടേജ് ബാറ്ററി വാറന്റി

**മുംബൈ:** ഇന്ത്യയിലെ ഇലക്ട്രിക് വാഹന രംഗത്തെ മുൻനിര ബ്രാൻഡായ ടാറ്റ.ഇവി പുതിയ സിയേറ.ഇവി എസ്യുവി അവതരിപ്പിച്ചു. 530 കിലോമീറ്റർ വരെ ഡ്രൈവിംഗ് റേഞ്ച്, 5.8 സെക്കൻഡിൽ 100 കിലോമീറ്റർ വേഗം കൈവരിക്കാനുള്ള ശേഷി, ലൈഫ് ടൈം ഹൈവോൾട്ടേജ് ബാറ്ററി വാറന്റി എന്നിവയാണ് വാഹനത്തിന്റെ പ്രധാന പ്രത്യേകതകൾ. പ്രാരംഭ എക്സ്ഷോറൂം വില 18.79 ലക്ഷം രൂപയാണ്. ബുക്കിങ് ആരംഭിച്ച വാഹനത്തിന്റെ ഡെലിവറി ജൂലൈ 15 മുതൽ ആരംഭിക്കും.

പുതിയ തലമുറ ഇലക്ട്രിക് സാങ്കേതികവിദ്യയും സിയറയുടെ ഐതിഹാസിക ഡിസൈൻ പാരമ്പര്യവും സമന്വയിപ്പിച്ചാണ് സിയേറ.ഇവി വികസിപ്പിച്ചിരിക്കുന്നത്. 75 കിലോവാട്ട് ബാറ്ററി പായ്ക്ക്, 500 കിലോമീറ്ററിലധികം റിയൽ വേൾഡ് റേഞ്ച്, 15 മിനിറ്റ് ചാർജിൽ ഏകദേശം 263 കിലോമീറ്റർ വരെ ഓടാനുള്ള ശേഷി, വെഹിക്കിൾ ടു ലോഡ്, വെഹിക്കിൾ ടു വെഹിക്കിൾ സാങ്കേതികവിദ്യ, 22 ഫീച്ചറുകളുള്ള ലെവൽ2+ അഡാസ് എന്നിവയും വാഹനത്തിലുണ്ട്.

അകത്തളത്തിൽ ട്രിപ്പിൾ സ്ക്രീൻ ഇൻഫോടെയ്ൻമെന്റ് സിസ്റ്റം, 12 സ്പീക്കറുകളുള്ള ജെബിഎൽ ഓഡിയോ, ഡോൾബി അറ്റ്മോസ്, പനോരമിക് സൺറൂഫ്, 622 ലിറ്റർ ബൂട്ട് സ്പേസ്, പവർഡ് സീറ്റുകൾ, റിമോട്ട് പാർക്കിങ് അടക്കമുള്ള ഡിജിറ്റൽ സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഡ്യുവൽ മോട്ടോർ ഓൾ വീൽ ഡ്രൈവ് പതിപ്പിൽ 504 എൻ എം ടോർക്ക്, ആറ് ടെറൈൻ മോഡുകൾ, 540 ഡിഗ്രി സർറൗണ്ട് ക്യാമറ എന്നിവയും ലഭ്യമാണ്.

ഇന്ത്യയിലെ പ്രീമിയം മിഡ്എസ്യുവി വിപണിയിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് പുതിയ മാനദണ്ഡം സൃഷ്ടിക്കുകയാണ് സിയേറ.ഇവി ലക്ഷ്യമിടുന്നതെന്ന് ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ് എംഡിയും സിഇഒയുമായ ശൈലേഷ് ചന്ദ്ര പറഞ്ഞു. ഡിസൈൻ, പ്രകടനം, സാങ്കേതികവിദ്യ, ദീർഘദൂര റേഞ്ച് എന്നിവയുടെ സമന്വയത്തിലൂടെ ഇലക്ട്രിക് മൊബിലിറ്റിയെ കൂടുതൽ ആകർഷകമാക്കുന്ന വാഹനമായിരിക്കും സിയേറ.ഇവി എന്നും അദ്ദേഹം പറഞ്ഞു.

# പുതിയ എൻ6 സ്മാർട്ട്ഫോണുമായി വൺപ്ലസ്

**കൊച്ചി:** 8,000 എംഎഎച്ച് ശേഷിയുള്ള ബാറ്ററിയുമായി വൺപ്ലസ് എൻ6 സ്മാർട്ട്ഫോൺ കമ്പനി അവതരിപ്പിച്ചു. ഒറ്റ ചാർജിൽ മൂന്ന് ദിവസം വരെ ഉപയോഗിക്കാനാകുമെന്നാണ് കമ്പനിയുടെ അവകാശവാദം. 45 വാട്ട് സൂപ്പർവൂക്ക് അതിവേഗ ചാർജിങ്, 6.8 ഇഞ്ച് 120 ഹെർട്സ് ഡിസ്പ്ലേ, മീഡിയടെക് ഡൈമെൻസിറ്റി 6360 ആപെക്സ് പ്രോസസർ, ഓക്സിജൻ ഒഎസ് 16 ഓപ്പറേറ്റിങ് സംവിധാനം എന്നിവയാണ് പ്രധാന സവിശേഷതകൾ. 50 മെഗാപിക്സൽ പ്രധാന ക്യാമറ, 8 മെഗാപിക്സൽ മുൻ ക്യാമറ, കൃത്രിമ ബുദ്ധി അധിഷ്ഠിത ചിത്രസംസ്കരണ സൗകര്യങ്ങളും ഫോണിലുണ്ട്. 4 ജിബി + 128 ജിബി, 6 ജിബി + 128 ജിബി പതിപ്പുകളിൽ യഥാക്രമം 22,999 രൂപയും 24,999 രൂപയുമാണ് പ്രാരംഭ വില. ജൂലൈ 4 മുതൽ വിൽപ്പന ആരംഭിക്കും.

## അവബോധ ക്യാമ്പയിനുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ

**കൊച്ചി:** വേനൽക്കാലത്ത് ബദാം കഴിച്ചാൽ ശരീരത്തിൽ ചൂട് കൂടുമെന്ന മിഥ്യാധാരണ മാറ്റാൻ അവബോധ പ്രചാരണവുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. ബദാമിൽ പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പ്, നാരുകൾ എന്നിവ ഉയർന്ന അളവിൽ അടങ്ങിയിട്ടുള്ളതിനാൽ ഇത് ദഹിക്കാൻ ശരീരം കൂടുതൽ ഊർജം ഉപയോഗിക്കുന്നുവെന്നും, ഈ പ്രക്രിയയെയാണ് പലരും ശരീരത്തിൽ ചൂട് കൂടുന്നതായി തെറ്റിദ്ധരിക്കുന്നതെന്നും ക്യാമ്പയിനിൽ സംസാരിച്ച പോഷകാഹാര വിദഗ്ധയായ റിതിക സമദ്ദാർ പറഞ്ഞു. വിറ്റാമിൻ ഇ, പ്രോട്ടീൻ, ഫൈബർ, മഗ്നീഷ്യം തുടങ്ങി ശരീരത്തിന് അവശ്യം വേണ്ട 24 പോഷകങ്ങളാൽ സമ്പന്നമാണ് ബദാം. ബദാം കുതിർത്ത് കഴിക്കുന്നത് ദഹനം എളുപ്പമാക്കുമെങ്കിലും, കുതിർക്കാതെ കഴിച്ചാലും പോഷകഗുണങ്ങളിൽ മാറ്റമൊന്നും വരുന്നില്ല. അതിനാൽ ശരീരത്തിൽ ചൂടുണ്ടാക്കുമെന്ന ആശങ്കയില്ലാതെ, സമീകൃതാഹാരത്തിന്റെ ഭാഗമായി കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ബദാം ഭക്ഷണത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും അവർ കൂട്ടിച്ചേർത്തു.

## 20 വർഷം പൂർത്തിയാക്കി ബന്ധൻ ലാർജ് കാപ് ഫണ്ട്

**കൊച്ചി:** സുസ്ഥിരവും അച്ചടക്കമുള്ളതുമായ നിക്ഷേപങ്ങളിലൂടെ മികച്ച നേട്ടം നൽകുന്ന ബന്ധൻ ലാർജ് കാപ് ഫണ്ട് 20 വർഷം പൂർത്തിയാക്കുന്നു. അടിസ്ഥാനപരമായി മികച്ച ലാർജ് കാപ് കമ്പനികളിൽ നിക്ഷേപിക്കുക എന്ന മാർഗമാണ് വിപണിയിലെ തകർച്ചകളെ അതിജീവിച്ച് ദീർഘകാല വളർച്ച നേടാൻ ഫണ്ടിനെ സഹായിച്ചത്. നിഫ്റ്റി 100 പോലെയുള്ള ലാർജ് കാപ് സൂചികകൾ അവയുടെ അഞ്ച് വർഷത്തെ ശരാശരിയേക്കാൾ കുറഞ്ഞ പി/ഇ നിരക്കിലാണ് (24.5ന് പകരം 21.1) ഇപ്പോൾ വ്യാപാരം ചെയ്യുന്നത്. 2026 മെയ് മാസത്തെ കണക്കുകൾ പ്രകാരം ഏകദേശം 13.98 ശതമാനം കിഴിവ് വാഗ്ദാനം ചെയ്യുന്ന ഇത് ലാർജ് കാപ്പുകളെ കൂടുതൽ ആകർഷകമാക്കുന്നു. ബിസിനസ്സ്, മാനേജ്മെന്റ്, മൂല്യനിർണ്ണയം എന്നിവ അടിസ്ഥാനമാക്കിയുള്ള ചട്ടക്കൂടാണ് ബന്ധൻ ലാർജ് കാപ് ഫണ്ട് പിന്തുടരുന്നത്.

സുസ്ഥിരമായ റിട്ടേൺ ഓൺ ഇക്വിറ്റി, ദീർഘകാല വളർച്ച, മൂലധന വിനിയോഗം, മാനേജ്മെന്റ് മികവ്, വരുമാന സാധ്യതകൾ എന്നിവ മുൻനിർത്തിയാണ് മികച്ച കമ്പനികളെ തിരഞ്ഞെടുക്കുന്നത്. ലാർജ് കാപ്പുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴും, മികച്ച അവസരങ്ങൾക്കായി മിഡ്, സ്മോൾ കാപ് ഓഹരികളിൽ 20 ശതമാനം വരെ നിക്ഷേപിക്കാനുള്ള വഴക്കവും ഫണ്ടിനുണ്ട്. വിപണിയിലെ ചാഞ്ചാട്ടങ്ങൾക്കിടയിലും സുരക്ഷിതമായ നിക്ഷേപത്തിലൂടെ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നവർക്ക് മികച്ചൊരു ഓപ്ഷനാണ് ഈ ഫണ്ട്.

## സൺപ്യൂർ; കിച്ച സുദീപും പ്രിയാമണിയും ബ്രാൻഡ് അംബാസഡർമാർ



**കൊച്ചി:** ഭക്ഷ്യഎണ്ണ ബ്രാൻഡായ സൺപ്യൂർ മുപ്പതാം വാർഷികത്തോടനുബന്ധിച്ച് പുതിയ മൾട്ടിമീഡിയ ബ്രാൻഡ് കാമ്പയിൻ അവതരിപ്പിച്ചു. നടൻ കിച്ച സുദീപും ദേശീയ പുരസ്കാര ജേതാവ് പ്രിയാമണിയുമാണ് കാമ്പയിനിന്റെ മുഖങ്ങൾ. സൺപ്യൂർ ഉള്ളിടത്ത് സന്തോഷമുണ്ട് എന്ന ആശയത്തെ ആസ്പദമാക്കിയുള്ള ക്യാംപെയ്ൻ, സൺപ്യൂർ റിഫൈൻഡ് സൺഫ്ലവർ ഓയിലിന്റെ മുപ്പതു വർഷത്തെ വിശ്വാസവും കുടുംബബന്ധവും പ്രമേയമാക്കുന്നതാണ്.

മുപ്പതാം വാർഷികത്തോടനുബന്ധിച്ച് ആരോഗ്യബോധമുള്ള ഉപഭോക്താക്കളെ ലക്ഷ്യമിട്ട് 'സൺപ്യൂർ ചാമ്പ്യൻ റിഫൈൻഡ് കനോള ഓയിൽ' വിപണിയിലെത്തിച്ചതായും കമ്പനി അറിയിച്ചു. മ്യൂഫ, ഒമേഗ3 എന്നിവ അടങ്ങിയ ഈ എണ്ണ ഇന്ത്യൻ വിഭവങ്ങൾക്ക് അനുയോജ്യമാണെന്ന് കമ്പനി അവകാശപ്പെട്ടു. ഇന്ത്യയിലെ ഏക ഫിസിക്കലി റിഫൈൻഡ് സൺഫ്ലവർ ഓയിൽ എന്ന പ്രത്യേകതയുള്ള സൺപ്യൂർ റിഫൈൻഡ് സൺഫ്ലവർ ഓയിൽ കഴിഞ്ഞ മുപ്പതു വർഷമായി കർണാടക, കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, മഹാരാഷ്ട്ര, ഗോവ, ഒഡിഷ തുടങ്ങിയ സംസ്ഥാനങ്ങളിലെ ലക്ഷക്കണക്കിന് കുടുംബങ്ങളുടെ വിശ്വസ്ത ബ്രാൻഡാണെന്ന് കമ്പനി അറിയിച്ചു.

മുപ്പതു വർഷമായി ഉപഭോക്താക്കൾ നൽകിയ വിശ്വാസത്തിന്റെ ആഘോഷമാണ് പുതിയ ക്യാംപെയ്നെന്ന് മാസും ഗ്രൂപ്പ് ഡയറക്ടർ മന്നാൻ ഖാൻ പറഞ്ഞു. ആരോഗ്യകരവും നൂതനവുമായ പാചക പരിഹാരങ്ങൾ അവതരിപ്പിക്കാനുള്ള പ്രതിബദ്ധതയുടെ ഭാഗമായാണ് പുതിയ കനോള ഓയിൽ പുറത്തിറക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY



# 700 കോടി രൂപയുടെ എഥനോൾ പ്ലാന്റ് യാഥാർഥ്യമാകുന്നു

**കൊച്ചി:** ഇന്ത്യയുടെ ഹരിത ഊർജ മേഖലയിലും എഥനോൾ ഉത്പാദന രംഗത്തും നിർണായക ചുവടുവയ്പായി ഗോവയിൽ 700 കോടിയുടെ വൻകിട ധാന്യ അധിഷ്ഠിത എഥനോൾ പ്ലാൻറ് യാഥാർഥ്യമാകുന്നു. രാജ്യത്തെ പ്രമുഖ ബയോഎനർജി, ഇൻഡസ്ട്രിയൽ ബയോടെക്നോളജി, എൻജിനിയറിംഗ് സ്ഥാപനമായ പ്രാജ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ സാങ്കേതിക സഹകരണത്തോടെയാണ് സെൻട്രിയൽ ബയോഫ്യുവൽസ് ലിമിറ്റഡ് പദ്ധതി നടപ്പാക്കുന്നത്.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ധാന്യാധിഷ്ഠിത എഥനോൾ പദ്ധതികളിലൊന്നായി കണക്കാക്കപ്പെടുന്ന ഈ സംരംഭം ഗോവയിലെ ബിച്ചോലിം താലൂക്കിലെ നവേലിമിലാണു സ്ഥാപിക്കുക. പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതോടെ ഏകദേശം 1,000 പേർക്ക് നേരിട്ടും 3,000ത്തിലധികം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷ. ലോജിസ്റ്റിക്സ്, കാർഷിക മേഖല, ഗതാഗതം, എൻജിനിയറിംഗ്, സേവന മേഖലകൾ എന്നിവയിലും അനുബന്ധ വ്യവസായങ്ങളിലും പുതിയ അവസരങ്ങൾ സൃഷ്ടിക്കപ്പെടും.

പ്ലാൻറിന് ആവശ്യമായ ധാന്യങ്ങളും മറ്റ് അസംസ്കൃത വസ്തുക്കളും ഗോവ, കർണാടക, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽനിന്നു ശേഖരിക്കും. പ്ലാൻറിന് ചുറ്റുമുള്ള 200 കിലോമീറ്റർ പരിധിയിലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യത സംബന്ധിച്ച വിശദമായ പഠനങ്ങൾ ഇതിനകം പൂർത്തിയാക്കിയതായി സെൻട്രിയൽ ബയോഫ്യുവൽസ് എക്സിക്യൂട്ടീവ് ഡയറക്ടർ പ്രവീൺ ഗോപകുമാർ പറഞ്ഞു.

# ഫോൺ നമ്പറുകൾക്കു പകരം യൂസർ നെയിം

**മുംബൈ:** സ്വന്തം ഫോൺ നമ്പർ കൈമാറാതെതന്നെ അപരിചിതരുമായി ചാറ്റ് ചെയ്യാൻ സഹായിക്കുന്ന വിപ്ലവകരമായ യൂസർ നെയിം ഫീച്ചർ അവതരിപ്പിക്കാനൊരുങ്ങി വാട്സ് ആപ്പ്.

സുരക്ഷാരംഗത്തെ വലിയൊരു പോരായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി, ഉപയോക്താക്കൾക്ക് തങ്ങളുടെ തനതായ യൂസർ നെയിമുകൾ മുൻകൂട്ടി റിസർവ് ചെയ്യാനുള്ള അവസരം വാട്സ്ആപ്പ് ഇപ്പോൾ നൽകിത്തുടങ്ങിയിട്ടുണ്ട്. ഈ വർഷം അവസാനത്തോടെ ഈ ഫീച്ചർ ആഗോളതലത്തിൽ ഔദ്യോഗികമായി പുറത്തിറക്കുമെന്നാണ് കമ്പനി അറിയിച്ചിരിക്കുന്നത്.

നിലവിൽ ലോകമെമ്പാടും മൂന്നു ബില്യണിലധികം ഉപയോക്താക്കളുള്ള വാട്സ് ആപ്പിൽ, ഒരാളുടെ ഫോൺ നമ്പർ കൈവശമുള്ള ആർക്കും അയാളെ നേരിട്ട് ബന്ധപ്പെടാൻ സാധിക്കുമായിരുന്നു. എന്നാൽ, മെറ്റയുടെ പുതിയ പരിഷ്കാരത്തോടെ, വരും നാളുകളിൽ ഫോൺ നന്പറിനു പകരം യൂസർ നെയിം മാത്രമുപയോഗിച്ച് ആളുകൾക്ക് നിങ്ങളെ കണ്ടെത്താനും സന്ദേശങ്ങൾ അയയ്ക്കാനും സാധിക്കും.

സ്വകാര്യത മുൻനിർത്തിയാണ് തങ്ങൾ ഈ ഫീച്ചർ രൂപകല്പന ചെയ്തിരിക്കുന്നതെന്നും, ഒരാൾക്ക് നിങ്ങളെ ആദ്യമായി ബന്ധപ്പെടണമെങ്കിൽ നിങ്ങളുടെ കൃത്യമായ യൂസർ നെയിംതന്നെ അറിഞ്ഞിരിക്കണമെന്നും വാട്സ്ആപ്പ് പ്രൊഡക്ട് വൈസ് പ്രസിഡൻറ് ആലിസ് ന്യൂട്ടൺ റെക്സ് വ്യക്തമാക്കി.

ഉപയോക്താക്കളുടെ സുരക്ഷ കണക്കിലെടുത്ത് ആപ്പിൽ യൂസർ നെയിമുകൾ തെരഞ്ഞുപിടിക്കാനുള്ള പ്രത്യേക ഡയറക്ടറി ഉണ്ടായിരിക്കില്ല. കൂടാതെ, സെർച്ച് ബാറിൽ പേരുകൾ ടൈപ്പ് ചെയ്യുമ്പോൾ അവ തനിയെ സജസ്റ്റ് ചെയ്യുകയുമില്ല. മൂന്നു മുതൽ 35 വരെ ക്യാരക്ടറുകൾ ഉള്ള യൂസർ നെയിമുകളാണ് ആളുകൾക്ക് തെരഞ്ഞെടുക്കാൻ സാധിക്കുക.

പ്രശസ്ത വ്യക്തികൾ, സെലിബ്രിറ്റികൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ പേരുകളിൽ വ്യാജ അക്കൗണ്ടുകൾ ഉണ്ടാകുന്നതു തടയാൻ അത്തരം ഉയർന്ന പ്രൊഫൈലുള്ള പേരുകൾ വാട്സ്ആപ്പ് തനിയെ മുൻകൂട്ടി ബ്ലോക്ക് ചെയ്തു വയ്ക്കും. ആകർഷകമായ യൂസർ നെയിമുകൾ സ്വന്തമാക്കാൻ ഉപയോക്താക്കൾക്കിടയിൽ വലിയ മത്സരം ഉണ്ടാകാൻ സാധ്യതയുള്ളതിനാലാണ് കമ്പനി ബുക്കിംഗ് നേരത്തേയാക്കിയത്.

മെറ്റയുടെ മറ്റു പ്ലാറ്റ്ഫോമുകളായ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് എന്നിവയിൽ നിലവിൽ അക്കൗണ്ടുകളുള്ള ബിസിനസുകൾക്കും ക്രിയേറ്റർമാർക്കും അവരുടെ നിലവിലുള്ള യൂസർ നെയിമുകൾതന്നെ വാട്സ്ആപ്പിലും ക്ലെയിം ചെയ്യാനുള്ള മുൻഗണന ലഭിക്കും.

നിലവിൽ വാട്സ്ആപ്പിലുള്ള സുരക്ഷാ ക്രമീകരണങ്ങൾ വ്യക്തികളെ ബ്ലോക്ക് ചെയ്യുന്നതിലും അജ്ഞാത കോളുകൾ സൈലൻറ് ചെയ്യുന്നതിലും മാത്രമായി പരിമിതപ്പെട്ടിരിക്കേ, പുതിയ യൂസർ നെയിം ഫീച്ചർ ഉപയോക്താക്കളുടെ വ്യക്തഗത വിവരങ്ങൾക്ക് കൂടുതൽ സുരക്ഷ നൽകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

## പ്രിന്റ് എക്സ്പോ ചെന്നൈ 2026 ജൂലൈ 9 മുതൽ

**കൊച്ചി:** ദക്ഷിണേന്ത്യയിലെ പ്രിന്റിങ്, പാക്കേജിങ്, സൈനേജ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ മേഖലകളിലെ പ്രമുഖ വ്യാപാരമേളകളായ പ്രിന്റ് എക്സ്പോ ചെന്നൈയും മീഡിയ എക്സ്പോ ചെന്നൈയും ജൂലൈ 9 മുതൽ 11 വരെ ചെന്നൈ ട്രേഡ് സെന്ററിൽ നടക്കും. ഇതുവരെയുള്ള ഏറ്റവും വലിയ പതിപ്പായി സംഘടിപ്പിക്കുന്ന മേളയിൽ 200ലധികം പ്രദർശകരും 400ലധികം ബ്രാൻഡുകളും 550ലധികം ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യകളും പ്രദർശിപ്പിക്കും. 11,000 ചതുരശ്ര മീറ്ററിലധികം വിസ്തൃതിയിൽ ഒരുക്കുന്ന മേള പ്രിന്റിങ്, പരസ്യം, ബ്രാൻഡിങ്, പാക്കേജിങ്, സൈനേജ് മേഖലകളിലെ ഏറ്റവും വലിയ ബിസിനസ് വേദികളിലൊന്നായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.

## സ്റ്റേഫ്രീ എക്സ്പർട്ട് എക്സ്എൽ അവതരിപ്പിച്ചു

**കൊച്ചി:** സ്ത്രീകളുടെ ആർത്തവ ശുചിത്വ ആവശ്യങ്ങൾ കൂടുതൽ സൗകര്യപ്രദമായി നിറവേറ്റുന്നതിനായി സ്റ്റേഫ്രീ പുതിയ സ്റ്റേഫ്രീ എക്സ്പർട്ട് എക്സ്എൽ സാനിറ്ററി നാപ്കിൻ അവതരിപ്പിച്ചു. മികച്ച ആഗിരണം ഉറപ്പാക്കുന്ന ജെൽ ലോക്ക് പോക്കറ്റുകൾ, മൃദുവും വായു സഞ്ചാരമുള്ള എയർ സോഫ്റ്റ് കവർ, എളുപ്പത്തിൽ കൈയിൽ കരുതാനും ഉപയോഗശേഷം ഉപേക്ഷിക്കാനുമായി പോക്കറ്റിൽ ഒതുങ്ങുന്ന വ്യക്തിഗത റാപ്പർ എന്നിവയാണ് ഉൽപ്പന്നത്തിന്റെ പ്രധാന സവിശേഷതകൾ. 6, 18, 40 നാപ്കിനുകൾ അടങ്ങിയ പായ്ക്കുകളിൽ ലഭ്യമായ ഈ ഉൽപ്പന്നത്തിന്റെ 6 യൂണിറ്റ് പായ്ക്കിന് 48 രൂപയാണ് വില. രാജ്യത്തെ റീട്ടെയിൽ, ഫാർമസി, ഇകൊമേഴ്സ്, ക്വിക് കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവിടങ്ങളിൽ ഉൽപ്പന്നം ലഭ്യമാണ്

## ഡീലർഷിപ്പ് തുറന്ന് മോട്ടോവോൾട്ട്

**കൊച്ചി:** ഇലക്ട്രിക് ഇരുചക്ര വാഹന നിർമാതാക്കളായ മോട്ടോവോൾട്ട് മൊബിലിറ്റി കേരളത്തിലെ ആദ്യ എക്സ്ക്ലൂസീവ് ഡീലർഷിപ്പ് കോഴിക്കോട്ട് ആരംഭിച്ചു. ശ്രീ റാഗ് മോട്ടോഴ്സിന്റെ നേതൃത്വത്തിലുള്ള 1,750 ചതുരശ്ര അടി വിസ്തൃതിയിലുള്ള ഷോറൂമിൽ ഹം, കിവോ, അർബൻ, എം7, എം7 ലൈറ്റ്, എംവിഎസ്7 എന്നീ ഇലക്ട്രിക് വാഹന മോഡലുകൾ പുതിയ ഡീലർഷിപ്പിൽ ലഭ്യമാകും. കോഴിക്കോട് ഉൾപ്പെടെ സമീപ ജില്ലകളിലെ വ്യക്തിഗത, വാണിജ്യ ആവശ്യങ്ങൾ നിറവേറ്റുകയാണ് ഡീലർഷിപ്പിന്റെ ലക്ഷ്യം. കേരളത്തിലെ വർധിച്ചുവരുന്ന ഇലക്ട്രിക് വാഹന സ്വീകാര്യത കണക്കിലെടുത്താണ് വിപുലീകരണമെന്ന് മോട്ടോവോൾട്ട് സിഇഒ തുഷാർ ചൗധരി പറഞ്ഞു. മികച്ച വിൽപ്പനാനന്തര സേവനവും വിശ്വസനീയമായ ഉപഭോക്തൃ അനുഭവവും ഉറപ്പാക്കുമെന്ന് ശ്രീ റാഗ് മോട്ടോഴ്സ് അധികൃതർ അറിയിച്ചു.

## ക്രിസ് ഗെയ്ൽ ബ്ലൂ ടൈഗേഴ്സ് യുകെയുടെ സഹ ഉടമ

**ലണ്ടൻ:** ക്രിക്കറ്റ് ഇതിഹാസം വെസ്റ്റ് ഇൻഡീസിൻറെ ക്രിസ് ഗെയ്ൽ ആഗോള ക്രിക്കറ്റിംഗ് ബ്രാൻഡായ ബ്ലൂ ടൈഗേഴ്സ് യുകെയുടെ സഹ ഉടമയായി ഔദ്യോഗികമായി ചുമതലയേറ്റു. ആഗോളതലത്തിൽ അംഗീകരിക്കപ്പെടുന്ന ഒരു ക്രിക്കറ്റ് ബ്രാൻഡ് കെട്ടിപ്പടുക്കുന്നതിനൊപ്പം വളർന്നുവരുന്ന യുവ പ്രതിഭകൾക്ക് മികച്ച അവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തിനും ഈ പങ്കാളിത്തം കരുത്തേകും.

കേരള ക്രിക്കറ്റ് ലീഗിൻറെ ഈ സീസൺ മുതൽ കൊച്ചി ബ്ലൂ ടൈഗേഴ്സിനെ പിന്തുണയ്ക്കുന്നതിലും ശക്തീകരിക്കുന്നതിലും ക്രിസ് ഗെയ്ൽ നിർണായക പങ്ക് വഹിക്കും. കേരളത്തിൽനിന്നുള്ള മികച്ച ക്രിക്കറ്റ് പ്രതിഭകളെ കണ്ടെത്തുന്നതിലും അവരെ വളർത്തിയെടുക്കുന്നതിലും അദ്ദേഹം സജീവമായി ഇടപെടും. ക്രിസ് ഗെയ്‌ലിനെ ബ്ലൂ ടൈഗേഴ്സിലേക്ക് സ്വാഗതം ചെയ്യാൻ സാധിച്ചതു വലിയ അംഗീകാരമാണെന്ന് ബ്ലൂ ടൈഗേഴ്സ് മാനേജിംഗ് ഡയറക്ടർ സുഭാഷ് ജോർജ് മാനുവൽ പ്രതികരിച്ചു. ബ്ലൂ ടൈഗേഴ്സ് ബ്രാൻഡിന്റെ ചരിത്രത്തിലെ നിർണായക നിമിഷമാണിതെന്ന് സഹ ഉടമ എം. ശിവപ്രസാദും പറഞ്ഞു.